**എല്ലാ അംഗസംഘടനാ പ്രവർത്തകർക്കും**

**സി.ടി.എം.എ ഭരണസമിതിയുടെ ഓണാശംസകൾ.**

ബഹുമാന്യരെ,

ഈ വർഷത്തെ ആവണിപ്പൂവരങ്ങ്, 2026 സപ്തംബർ 12, 13 തീയതികളിൽ ചെന്നൈയിൽ നടത്താനുള്ള തീരുമാനം അറിഞ്ഞുകാണുമല്ലോ. സപ്തംബർ 12 ശനിയാഴ്ച രാവിലെ എട്ട് മണി മുതൽ മദിരാശി കേരളസമാജത്തിൽ വച്ച് പൂക്കളമത്സരവും, പത്ത് മണിക്ക് കവി-സാഹിത്യസമ്മേളനങ്ങളും നടക്കും. വൈകുന്നേരം 3.30 മണിക്ക് പതാക ഉയർത്തുന്നതോടുകൂടി ആഘോഷപരിപാടികൾ ആരംഭിക്കും. വൈകുന്നേരം 4.00 മണി മുതൽ വടംവലി മത്സരം, ചെണ്ടമേളം തുടങ്ങിയവ നടക്കും. വൈകുന്നേരം 5.30 മണി മുതൽ അംഗസംഘടനകളിൽ നിന്നുമുള്ള കലാകാരന്മാർ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ ഉൾപ്പെടുന്ന 'പ്രവാസീയം' അരങ്ങേറും. തുടർന്ന് ടി.വി റിയാലിറ്റി പരിപാടികളിലൂടെ പ്രശസ്തരായ ഗായകർ അവതരിപ്പിക്കുന്ന സംഗീതനിശ അരങ്ങേറും.

സപ്തംബർ 13 ഞായറാഴ്ച ഉച്ചയ്ക്ക് 12.00 മണി മുതൽ ആവണിപ്പൂവരങ്ങിലെ പ്രധാന ഇനങ്ങളായ ഓണസദ്യ, 1.30 മണി മുതൽ ചെന്നൈ പൂരം, 3.30 മണിക്ക് കെട്ടുകാഴ്ച, 5.00 മണിക്ക് സാംസ്കാരിക പൊതുസമ്മേളനം എന്നിവയോടൊപ്പം സംഗീതരംഗത്തെ പ്രശസ്തർ അവതരിപ്പിക്കുന്ന സംഗീത സായാഹ്നവും അരങ്ങേറും.

ആവണിപ്പൂവരങ്ങിനോടനുബന്ധിച്ച് താഴെപ്പറയുന്ന വിവിധ ഇനങ്ങളിലേക്ക് നാമനിർദ്ദേശങ്ങളും അപേക്ഷകളും ക്ഷണിക്കുന്നു.

**ഭാരതിരാജ സ്കോളർഷിപ്പ്**

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ (2025-2026) പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും വാർഷിക പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ തമിഴ്നാട്ടിൽ പഠിക്കുന്ന മലയാളി കുട്ടികൾക്ക്, യശ്ശ:ശരീരയായ സാമൂഹ്യ പ്രവർത്തക ഭാരതി രാജയുടെ ഓർമ്മക്കായ് ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിന് പരിഗണിക്കേണ്ട വിദ്യാർത്ഥികളുടെ അപേക്ഷയും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും ആഗസ്ത് 07-ാം തീയതിക്കകം അംഗസംഘടനകൾ മുഖേന സി.ടി.എം.എ-യുടെ വെബ്സൈറ്റ് ആയ www.myctma.org വഴി അപേക്ഷിക്കണം.

**എം. എ. എബ്രഹാം സ്മാരക പുരസ്കാരം**

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ (2025-2026) പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും മലയാളഭാഷയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ കുട്ടികൾക്ക് യശ്ശ:ശരീരനായ വ്യവസായിയും, സാമൂഹ്യ പ്രവർത്തകനും, സി.ടി.എം.എ-യുടെ സമുന്നത നേതാവുമായിരുന്ന എം.എ. എബ്രഹാമിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിന് പരിഗണിക്കേണ്ട വിദ്യാർത്ഥികളുടെ അപേക്ഷയും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും ആഗസ്ത് 07-ാം തീയതിക്കകം അംഗസംഘടനകൾ മുഖേന സി.ടി.എം.എ-യുടെ വെബ്സൈറ്റ് ആയ www.myctma.org വഴി അപേക്ഷിക്കണം.

**സി.ടി.എം.എ. ധനസഹായം**

സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്നവർക്ക് ഓരോ വർഷവും ആവണിപ്പൂവരങ്ങിനോടനുബന്ധിച്ചു സാന്ത്വനം നിസ്വാർത്ഥം പദ്ധതിയിലുൾപ്പെടുത്തി നൽകിവരുന്ന ധനസഹായത്തിന് പരിഗണിക്കേണ്ട അപേക്ഷകൾ അംഗസംഘടനകൾ മുഖേന ആഗസ്ത് 15-ാം തീയതിക്കകം സി.ടി.എം.എ-യുടെ ഓഫീസിൽ തപാൽ മാർഗ്ഗമോ, നേരിട്ടോ എത്തിക്കണം. അപേക്ഷകൾ നൽകുമ്പോൾ സഹായത്തിന് ഏറ്റവും അർഹരായവരെ മാത്രം നിർദ്ദേശിക്കാൻ അംഗസംഘടനകൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പൂക്കള മത്സരം**

സപ്തംബർ 12 ശനിയാഴ്ച രാവിലെ 8.00 മണിക്ക് മദിരാശി കേരള സമാജം സ്കൂൾ അങ്കണത്തിലാണ് പൂക്കളമത്സരം. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. മത്സരത്തിന്റെ നിബന്ധനകളും പ്രവേശന പത്രികയും സി.ടി.എം.എ-യുടെ വെബ്സൈറ്റിൽ ലഭ്യമാണ്. മത്സരത്തിനുള്ള അപേക്ഷകൾ ആഗസ്ത് 20-ാം തീയതിക്കുള്ളിൽ സി.ടി.എം.എ-യുടെ വെബ്സൈറ്റ് ആയ www.myctma.org വഴി സമർപ്പിക്കണം. (നിബന്ധനകൾ: പേജ് 4)

**വടംവലി മത്സരം**

ആവണിപ്പൂവരങ്ങിനോടനുബന്ധിച്ചുള്ള കായിക വിനോദ മത്സരമായ വടംവലി സപ്തംബർ 12 ശനിയാഴ്ച ഉച്ചക്കുശേഷം 3.30 മണി മുതൽ നടക്കും. മത്സരത്തിന്റെ കൂടുതൽ വിവരങ്ങളും, നിബന്ധനകളും, അപേക്ഷയും സി.ടി.എം.എ. വെബ്സൈറ്റിൽ ലഭ്യമാണ്. മത്സരത്തിനുള്ള അപേക്ഷകൾ ആഗസ്ത് 20-ാം തീയതിക്കുള്ളിൽ സി.ടി.എം.എ-യുടെ വെബ് സൈറ്റ് ആയ www.myctma.org വഴി സമർപ്പിക്കണം. (നിബന്ധനകൾ: പേജ് 5)

**ചെന്നൈ പൂരം / കെട്ടുകാഴ്ച**

കേരളത്തിന്റെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന കലാരൂപങ്ങളും, വേഷപ്പകർച്ചകളും ഫ്ളോട്ടുകളുടെ രൂപത്തിൽ അവതരിപ്പിക്കുകയാണ് കെട്ടുകാഴ്ചയുടെ ലക്ഷ്യം. എല്ലാ അംഗ സംഘടനകളും കഴിവതും കെട്ടുകാഴ്ചയിൽ പങ്കെടുക്കണം. കെട്ടുകാഴ്ചക്ക് കൊഴുപ്പേകാൻ വാദ്യമേളങ്ങളുടെ അകമ്പടിയുമുണ്ടാകും. കെട്ടുകാഴ്ചയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന ഫ്ളോട്ടുകളുടെ പ്രത്യേകതകളും ചരിത്രവും സംഘാടക സമിതിയെ അറിയിക്കുന്നത് നന്ന്. ഏറ്റവും ആകർഷകമായ ഫ്ളോട്ട് അവതരിപ്പിക്കുന്ന രണ്ടു അംഗ സംഘടനകൾക്ക്. സമ്മാനങ്ങൾ നൽകുന്നതായിരിക്കും അപേക്ഷകൾ സി..ടി.എം.എ-യുടെ വെബ്സൈറ്റ് ആയ www.myctma.org വഴി സമർപ്പിക്കേണ്ടതാണ് അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്ത് 25 ആണ്.

**ഡോ. വി പി സിദ്ധൻ സ്മാരക നാടക പുരസ്കാരം**

ചെന്നൈയിലെ നാടകരംഗത്ത് കുലപതിയായിരുന്ന ഡോ. വി പി സിദ്ധന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പുരസ്കാരം നാടക മേഖലയിൽ സ്തുത്യർഹമായ പ്രകടനം കാഴ്ചവർക്കു നൽകും. ഇതിനായി ചുമതലപ്പെടുത്തുന്ന പ്രത്യേക സമിതിയായിരിക്കും പുരസ്കാര ജേതാവിനെ തെരഞ്ഞെടുക്കുക.

**മേലൂർ ദാമോദരൻ സ്മാരക കവിത പുരസ്കാരം**

സാംസ്കാരിക പ്രവർത്തകനും കവിയും ആവണിപൂവരങ്ങിന്റെ സ്രഷ്ട്ടാക്കളിൽ ഒരാളുമായ മേലൂർ ദാമോദരന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ കവിത പുരസ്കാരത്തിനുള്ള രചനകളുടെ കൈയെഴുത്ത് പ്രതി ആഗസ്ത് 05-ന് മുൻപായി തപാൽ വഴി സി.ടി.എം.എ ഓഫിസിൽ എത്തിക്കണം. പ്രസിദ്ധീകരിച്ച രചനകൾ സ്വീകാര്യമല്ല. തമിഴ്നാട്ടിൽ വസിക്കുന്ന ഏതൊരു മലയാളിക്കും രചനകൾ സമർപ്പിച്ചു പുരസ്കാരത്തിനായി പങ്കു ചേരാം.

**ബാലകൃഷ്ണൻ മാങ്ങാട് സ്മാരക കഥാപുരസ്കാരം**

സാംസ്കാരിക നായകനും മാധ്യമ പ്രവർത്തകനുമായിരുന്നു ബാലകൃഷ്ണൻ മാങ്ങാടിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ കഥാപുരസ്കാരത്തിനുള്ള രചനകളുടെ കൈയെഴുത്ത് പ്രതി ആഗസ്ത് 05-ന് മുൻപായി തപാലിൽ സി.ടി.എം.എ ഓഫിസിൽ എത്തിക്കേണ്ടതാണ്. പ്രസിദ്ധീകരിച്ച രചനകൾ സ്വീകാര്യമല്ല. തമിഴ്നാട്ടിൽ വസിക്കുന്ന ഏതൊരു മലയാളിക്കും രചനകൾ സമർപ്പിച്ചു പുരസ്കാരത്തിനായി പങ്കു ചേരാം.

**കെ വി നായർ സ്മാരക സാമൂഹ്യ സേവന പുരസ്കാരം**

സി.ടി.എം.എ-യുടെ പ്രഥമ ജനറൽ സെക്രട്ടറി ആയിരുന്ന കെ വി നായരുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ സാമൂഹ്യ സേവന പുരസ്കാരത്തിന് അർഹതയുള്ളവർക്കു അപേക്ഷിക്കാം. അപേക്ഷകൻ തമിഴ്നാട്ടിൽ വസിക്കുന്ന സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന മലയാളിയായ വ്യക്തി ആയിരിക്കണം.. അപേക്ഷകൾ ആഗസ്ത് 15-ന് മുൻപായി തപാൽ വഴി സി.ടി.എം.എ ഓഫിസിൽ എത്തിക്കണം. മുൻവർഷങ്ങളിൽ പുരസ്കാരത്തിന് അർഹരായവർ അപേക്ഷിക്കേണ്ടതില്ല.

**ടി ഗോപാലൻ നായർ സ്മാരക മാനവ സേവാ പുരസ്കാരം**

സി.ടി.എം.എ-യുടെ സ്ഥാപക നേതാക്കളിൽ ഒരാൾ ആയിരുന്ന ടി ഗോപാലൻ നായരുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മാനവസേവ പുരസ്കാരത്തിന് അർഹതയുള്ളവർക്കു അപേക്ഷിക്കാം. അപേക്ഷകൻ തമിഴ്നാട്ടിൽ വസിക്കുന്ന മാനവ സേവന രംഗത്ത് പ്രവർത്തിക്കുന്ന മലയാളിയായ വ്യക്തി ആയിരിക്കണം. അപേക്ഷകൾ ആഗസ്ത് 15-ന് മുൻപായി തപാൽ വഴി സി.ടി.എം.എ ഓഫിസിൽ എത്തിക്കണം. മുൻ വർഷങ്ങളിൽ പുരസ്കാരത്തിന് അർഹരായവർ അപേക്ഷിക്കേണ്ടതില്ല.

താങ്കളുടെ സംഘടനയിൽ ഏതെങ്കിലും വ്യക്തിക്ക് സംസ്ഥാന, ദേശീയ, അന്തർ ദേശീയ പുരസ്കാരങ്ങളോ അംഗീകാരമോ ലഭിച്ചിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളെ ആവണിപ്പൂവരങ്ങിന്റെ വേദിയിൽ ആദരിക്കുന്നതിനായി അംഗീകാരമോ പുരസ്കാരങ്ങളോ ലഭിച്ചതിന്റെ വിശദശാംശങ്ങൾ (ഫോട്ടോ അടക്കം) തപാൽ മുഖേന ആഗസ്ത് 10-ന് മുൻപായി സി.ടി.എം.എ-ക്കു സമർപ്പിക്കണമെന്ന് അറിയിക്കുന്നു.

ആവണിപ്പൂവരങ്ങിന്റെ വിജയത്തിനായി താങ്കളുടെ സംഘടനയുടെ എല്ലാവിധ സഹായ സഹകരണവും മഹനീയ സാന്നിധ്യവും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നതോടൊപ്പം ആവണി പ്പൂവരങ്ങിന് താങ്കളുടെ സംഘടനയുടെ കഴിയുന്നത്ര സാമ്പത്തിക സഹായവും നൽകി ഈ ഉദ്യമത്തെ വിജയത്തിലെത്തിക്കണമെന്നു അപേക്ഷിക്കുന്നു.

സ്നേഹാദരങ്ങളോടെ ,

**എം.പി. അൻവർ.**

(ജനറൽ സെക്രട്ടറി)

CTMA
CONFEDERATION OF TAMILNADU MALAYALEE ASSOCIATIONS

12/1, SABARISH APARTMENT, 5TH CROSS STREET,
UNITED INDIA COLONY, KODAMBAKKAM, CHENNAI 24.
+91 97905 78608 | WWW.MYCTMA.ORG | INFO@MYCTMA.ORG

37 years of service

# പൂക്കളമത്സരം: നിബന്ധനകളും നിയമങ്ങളും

1. സി.ടി.എം.എ അംഗസംഘടനകളെ പ്രതിനിധീകരിക്കുന്ന ടീമുകളാണ് പൂക്കളമത്സരത്തിൽ പങ്കെടുക്കേണ്ടത്.
2. ഒരു ടീമിൽ പരമാവധി 5 പേരിൽ കൂടുതൽ അംഗങ്ങൾ ഉണ്ടാവാൻ പാടില്ല. ഒരു സംഘടനയിൽ നിന്നും ഒരു ടീമിനെ മാത്രമേ പരിഗണിക്കൂ.
3. രജിസ്ട്രേഷനുള്ള അവസാനതീയതി 2026 ആഗസ്റ്റ് 20 ആണ്.
4. രജിസ്റ്റർ ചെയ്തവരിൽനിന്നും മത്സരത്തിനുള്ള ടീമുകളെ തെരഞ്ഞെടുക്കാനുള്ള അധികാരം സംഘാടകരിൽ നിക്ഷിപ്തമായിരിക്കും.
5. പൂക്കളം ഒരുക്കുന്നതിന്, ഒരു ടീമിന് 2X2 മീറ്റർ വിസ്തീർണ്ണമുള്ള (4 SQ. METER) സ്ഥലം അനുവദിക്കും. പൂക്കളത്തിന്റെ വ്യാസം കൃത്യം 6 അടിയിൽ (6 feet) അധികമാവരുത്.
6. പ്രകൃതിദത്തമായ പൂക്കളും ഇലകളും മാത്രമേ മത്സരത്തിന് ഉപയോഗിക്കാവൂ. മണൽ, ഉപ്പ്, കൃത്രിമ കളർ പൊടികൾ തുടങ്ങിയവ ഉപയോഗിക്കാൻ പാടില്ല.
7. പൂക്കളത്തിന്റെ രൂപരേഖ വരക്കുവാൻ ചോക്ക്, മാർക്കർ പേന, സ്കെച്ച് പേന, പെൻസിൽ എന്നിവ ഉപയോഗിക്കാം. പൂക്കളം വരക്കുവാനായി മുൻകൂട്ടി തയ്യാറാക്കിയ സ്റ്റിക്കറുകളോ, ടെംപ്ലേറ്റുകളോ ഉപയോഗിക്കരുത്.
8. പൂക്കളം അലങ്കരിക്കാനായി കുത്തുവിളക്ക്, നിറപറ, ചിരാതുകൾ മുതലായവ ഉപയോഗിക്കരുത്.
9. മത്സരസമയത്ത് അച്ചടക്കവും നിശ്ശബ്ദതയും പാലിക്കേണ്ടതാണ്.
10. പൂക്കൾ തയ്യാറാക്കുന്നതിനും മറ്റുമായി പ്രത്യേക സ്ഥലം അനുവദിക്കുന്നതാണ്.
11. പൂക്കളം ഒരുക്കിയതിനുശേഷം, പരിസരം വൃത്തിയാക്കുന്നതിനായി എല്ലാ ടീമിനും 5 മിനിട്ട് സമയം അനുവദിക്കുന്നതാണ്.
12. ശേഷം വിധികർത്താക്കളുടെ വിലയിരുത്തലുകൾക്കായി ടീമുകൾ എല്ലാം മത്സരസ്ഥലം ഒഴിഞ്ഞു കൊടുക്കേണ്ടതാണ്.
13. . പൂക്കളത്തിന്റെ അടുത്തായി, സംഘാടകർ നൽകുന്ന നമ്പർ കാർഡ് നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്.
14. വിധിനിർണ്ണയവേളയിൽ സംഘടനയുടെയോ വ്യക്തികളുടെയോ പേരു വെളിപ്പെടുത്തുന്ന രീതിയിലുള്ള അടയാളങ്ങളൊന്നും തന്നെ പൂക്കളത്തിനടുത്ത് ഉണ്ടാകുവാൻ പാടില്ല.
15. വിലയിരുത്തലുകൾക്കായി ഏകദേശം 2 മണിക്കൂർ സമയം എടുക്കുന്നതാണ്. അന്നേദിവസം തന്നെ മത്സരഫലം പ്രഖ്യാപിക്കുന്നതും, സമ്മാനവിതരണം നടത്തുന്നതുമാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന വിജയികൾക്ക് സമ്മാനങ്ങൾ നൽകും.
16. മേൽപ്പറഞ്ഞ നിയമങ്ങളിൽ മാറ്റം വരുത്തുവാനോ, മത്സരത്തിന്റെ മറ്റേത് കാര്യങ്ങളിലും അന്തിമ തീരുമാനം എടുക്കാനോ സി.ടി.എം.എ ആവണിപ്പൂവരങ്ങ് 2026 സംഘാടകസമിതിക്ക് അധികാരം ഉണ്ടായിരിക്കും.
17. പൂക്കളമത്സരം നടത്തുന്ന തീയതി, സമയം, സ്ഥലം: സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 8 മണി മുതൽ. പൂനമല്ലി റോഡിലുള്ള മദ്രാസ് കേരള സമാജത്തിൽ വച്ച്.
18. പരമാവധി മത്സരസമയം: 3 മണിക്കൂർ

# Tug-of-War Competition: Rules and Regulations

1. All participants must be members of an association affiliated with CTMA.
2. Each affiliated association may register only one team for the competition.
3. Each association may additionally submit the details of one reserve participant.
4. The Tug-of-War competition will be conducted at the Aavanippoovarangu venue on 12 September 2026 at 3:30 PM.
5. Each team may comprise a maximum of 7 players, 2 substitutes, and 1 coach or manager.
6. The maximum combined team weight shall be:
   - Men's category : 550 kg
   - Women's category: 460 kg
7. The rope must be pulled at waist level, and all participants must remain standing throughout the contest.
8. Only one authorised team representative may accompany the team inside the competition area during a match.
9. A team will be disqualified if any person other than its registered team members makes contact with the rope.
10. All teams must report at the venue by 2:30 PM sharp on 12 September 2026 for the fixture draw.
11. Team managers are responsible for ensuring that every participant is physically fit and free from any medical condition that may prevent safe participation, as Tug-of-War is a physically demanding sport.
12. Participants may wear regular/sports shoes and use back, elbow, or knee supports and supportive belts. Wearing a team jersey is optional. (Cleats, studded boots, and spiked footwear are strictly not allowed).
13. A qualified referee will be appointed to supervise the competition and enforce the rules fairly and impartially.
14. All teams must comply with the referee's instructions and maintain proper discipline and decorum throughout the competition.
15. The decision of the referee or judges regarding the result and the winning team shall be final and binding.
16. The referees and organisers reserve the right to amend, modify, or introduce rules whenever necessary to ensure fairness, participant safety, good sportsmanship, and the smooth conduct of the competition.
17. The last date for registration is 20 August 2026.